25. കള്ളുവ്യവസായ തൊഴിലാളി

26. വികലാംഗർ

27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ

28. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണത്തൊഴിലാളി, ചുമട്ടുതൊഴിലാളി

29. മോട്ടോർ തൊഴിലാളി

30. കരകൗശലരംഗത്തെ തൊഴിലാളി

31. കശുവണ്ടി തോട്ടം തൊഴിലാളി

32. തയ്യൽ തൊഴിലാളി

33. സർക്കാരിതര ഖാദി ജീവനക്കാർ

34. ക്ഷീര കർഷകർ

35. പെയിന്റിംഗ് തൊഴിലാളി

36. വൃദ്ധജനങ്ങൾ

37. പേപ്പർ വ്യവസായം (കൈത്തൊഴിൽ)

38. മദ്രസ അദ്ധ്യാപകർ

39. ഗാർഹിക തൊഴിലാളി

40. അഭയയിലെ അന്തേവാസികൾ

41. വിവാഹബന്ധം വേർപിരിഞ്ഞ് ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾക്കും, അവരുടെ മക്കൾക്കും

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) രണ്ടുരൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിന് 2009-10 വർഷത്തിൽ 195.95 കോടി രൂപ ചെലവഴിച്ചിരുന്നു. 2010-11 വർഷത്തിൽ നാളിതുവരെ 245 കോടി രൂപ അനുവദിച്ചതിൽ 230.41 കോടി രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

17 (*18) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(ബി) പരിസ്ഥിതി അനുമതിക്കുവേണ്ടി സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചതെന്നാണ് ;

(സി) ആദ്യഘട്ടത്തിൽ തുറമുഖത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളത് ; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) തുറമുഖ നിർമ്മാണത്തിന് ഇതുവരെ എത്ര കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്ര കമ്പനികൾക്കാണ് യോഗ്യതയുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) :

(എ) പാരിസ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1&ToR അംഗീകരിച്ചിട്ടുണ്ട്. പഠനം പൂർത്തിയാകുന്നമുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്നതാണ്.

(ബി) 2010 ഒക്ടോഹർ 5-ാം തീയതി.

(സി) ആദ്യഘട്ട നിർമ്മാണത്തിന് 2500 കോടി രൂപയാണ് ആവശ്യമെന്ന് കണക്കാക്കിയിട്ടുള്ളത്. 937 കോടി രൂപയോളം ചിലവു പ്രതീക്ഷിക്കുന്ന ടെർമിനലും അനുബന്ധ സാമഗ്രികളും PPP-യിലൂടെയും ബാക്കി തുക SBT-യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യത്തിലൂടെയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) തുറമുഖ നിർമ്മാണത്തിനുവേണ്ടി ആഗോള ടെണ്ടർപ്രകാരം 14 കമ്പനികൾ യോഗ്യതാ പത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ സൂക്ഷ്മപരിശോധന അന്തിമഘട്ടത്തിലാണ്.

നാലാം സംസ്ഥാന ധനകാര്യകമ്മീഷൻ

18 (*17) ശ്രീ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly